എൻ.എസ്(1)/47310/13/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി:- 15.07.2013.

# വിജ്ഞാപനം

വിഷയം:- പൊതു വിദ്യാഭ്യാസം- സംസ്ഥാന പാഠ്യപദ്ധതിയിൽ പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകൽ- സർക്കാർ മാർഗ്ഗ രേഖകൾ- തുടർനടപടികൾ-നിർദ്ദേശങ്ങൾ -സംബന്ധിച്ച്.

സൂചന:- 1) പൊതു വിദ്യാഭ്യാസ (എഫ്) വകുപ്പിന്റെ ജി.ഒ(എം.എസ്)184/2013/പൊ.വി.വ തീയതി 10/6/2013 നമ്പർ ഉത്തരവ്.
2) ജി.ഒ(എം.എസ്)202/2011/പൊ.വി.വ തീയതി 7/10/2011 നമ്പർ ഉത്തരവ്.
3) കേരള വിദ്യാഭ്യാസ ചട്ടങ്ങൾ.
4) വിദ്യാഭ്യാസ അവകാശ നിയമം 2011 ചട്ടം 14.
5) പൊ.വി(എഫ്) വകുപ്പിന്റെ ജി.ഒ(ആർ.ടി)2736/13 തീയതി 2/7/2013.

-------------

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. സംസ്ഥാന പാഠ്യപദ്ധതിയിൽ പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനായി സൂചന ഒന്ന് പ്രകാരം സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുളളതാണ്.

സൂചന 2 പ്രകാരം സംസ്ഥാനത്തെ സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് വേണ്ടി പുറപ്പെടുവിച്ച ഉത്തരവിലെ അതേ മാർഗ്ഗ നിർദ്ദേശങ്ങളാണ് അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ചിട്ടുളളത്.

സൂചന 3ഉം 4ഉം പ്രകാരമുളള നിബന്ധനകൾ പാലിച്ച് കൊണ്ടായിരിക്കണം. സ്കൂളുകളുടെ അപേക്ഷ പരിഗണിക്കുന്നത്. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് അപേക്ഷകൾ അയയ്ക്കുമ്പോൾ താഴെപറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1. സ്കൂൾ, സൊസൈറ്റി (രജിസ്ട്രേഷൻ ആക്ട് 1960 പ്രകാരം രജിസ്റ്റർ ചെയ്ത സൊസൈറ്റി) അല്ലെങ്കിൽ ട്രസ്റ്റ് അല്ലെങ്കിൽ നിയമപ്രകാരം രൂപീകൃതമായ വിദ്യാഭ്യാസ ഏജൻസി എന്നിവർ നടത്തുന്നതാകണം
2. സ്കൂൾ മേൽനോട്ടം ഒരു ഭരണസമിതിയുടെ കീഴിലാവണം.
3. ട്രസ്റ്റ് അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും വേതനം നൽകുന്നതിനും സ്കൂൾ നടത്തികൊണ്ട് പോകുന്നതിനുമാവശ്യമായ സാമ്പത്തിക ഭദ്രതയുളളതാവണം. ആയത് തെളിയിക്കുന്നതിന് ദേശസാൽകൃത ബാങ്കിൽ നിന്നോ, രണ്ടാം ഷെഡ്യൂൾ ബാങ്കിൽ നിന്നോ ഉളള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
4. ആവശ്യമായ ഫർണിച്ചറുകളും ഉപകരണങ്ങളും ഉണ്ടാവണം.

5. ഒരു വ്യക്തിയുടെയോ, അല്ലെങ്കിൽ ഒരു സംഘത്തിന്റെയോ വ്യക്തികളുടെ കൂട്ടായ്മയുടേയോ ലാഭത്തിന് വേണ്ടിയാവരുത് സ്കൂൾ നടത്തിപ്പ്.
6. സ്കൂൾ ഭരണഘടന മൂല്യങ്ങൾ അനുസരിച്ചുള്ളതാവണം.
7. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരവും അതോട് ബന്ധപ്പെട്ടതുമായ ഏറിയ ലൊക്കേഷൻ, അക്കോമഡേഷൻ, എന്നിവ സംബന്ധിച്ച നിബന്ധനകൾ സ്കൂളുകൾ പാലിച്ചിരിക്കണം. സ്കൂളിന്റെ പേരിലുള്ള കൈവശസ്ഥലം സംബന്ധമായി വില്ലേജ് ഓഫീസറിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കണം.
8. മലയാളം ഭാഷ എല്ലാ ക്ലാസുകളിലും നിർബന്ധമായും പാഠ്യ വിഷയമായിരിക്കണം.
9. എൽ.പി വിഭാഗങ്ങളിൽ (1 മുതൽ 5 വരെ) വിദ്യാർത്ഥി അദ്ധ്യാപക അനുപാതം 30:1ഉം 6-10 വരെ ക്ലാസ്സുകളിൽ വിദ്യാർത്ഥി അദ്ധ്യാപക അനുപാതം 35:1 ആയിരിക്കണം.
10. സ്കൂളുകൾ വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 13.16.17 എന്നിവ പാലിച്ചിരിക്കണം.

    വിദ്യാഭ്യാസ അവകാശനിയമം സെക്ഷൻ 13 പ്രകാരം അദ്ധ്യായനവർഷം ആരംഭിച്ച് മൂന്ന് മാസത്തിനകം അഡ്മിഷൻ പൂർത്തിയായിരിക്കണം, ആയതിന് ശേഷം പ്രവേശനം നൽകുന്ന വിദ്യാർത്ഥികൾക്ക് പ്രധാനാദ്ധ്യാപകന്റെ തീരുമാനമനുസരിച്ച് പ്രത്യേകം പരിശീലനം നൽകേണ്ടതാണ്.

    സെക്ഷൻ 16 പ്രകാരം നിശ്ചിതയോഗ്യതയില്ലാത്ത അദ്ധ്യാപകർ ആക്ട് നിലവിൽ വന്ന് അഞ്ച് വർഷത്തിനകം യോഗ്യത നേടിയിരിക്കേണ്ടതും ആയതിന് മാനേജ്മെന്റ് സൗകര്യം ചെയ്ത് കൊടുക്കേണ്ടതുമാണ്.

    സെക്ഷൻ 17 പ്രകാരം സർക്കാർ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നൽകുന്ന അതേ വേതനം നൽകേണ്ടതാണ്.
11. കുട്ടികൾക്കും, അംഗവൈകല്യമുള്ളവർക്കും ഉപയോഗിക്കുന്ന തരത്തിലുള്ള ടോയിലറ്റുകൾ ഏർപ്പെടുത്തണം.
12. സ്കൂളിൽ എല്ലാ കുട്ടികളുടെയും യു.ഐ.ഡി എടുത്തിരിക്കണം. ആയതിന്റെ പകർപ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം നൽകണം.
13. സ്കൂൾ കെട്ടിടങ്ങൾ, മറ്റ് നിർമിതികൾ, കളിസ്ഥലം, സ്കൂൾപരിസരം എന്നിവ വിദ്യാഭ്യാസ ആവശ്യങ്ങൾക്കും മറ്റ് വിദ്യാഭ്യാസ കാര്യങ്ങൾക്കും മാത്രമേ ഉപയോഗിക്കാവൂ. ആയതിന് മാനേജർ സത്യവാങ്മൂലം സമർപ്പിക്കണം.
14. സ്കൂൾ അംഗീകാരമില്ലാതെ മറ്റ് ക്ലാസ്സുകൾ സ്കൂളിൽ നടത്തുവാൻ പാടില്ല. കൂടാതെ ഇതേ പേരിൽ മറ്റ് ബ്രാഞ്ചുകൾ നടത്തുവാനും പാടുള്ളതല്ല. ആയതിന് സ്കൂൾ മാനേജർ സത്യപ്രസ്താവന നൽകേണ്ടതാണ്.

15. സ്കൂൾ പരിശോധനക്കായി എല്ലാ വിദ്യാഭ്യാസ ഉദ്യോഗസ്ഥരെയും അനുവദിക്കേണ്ടതാണ്. ആയതിന് മാനേജർ 100 രൂപ മുദ്രപേപ്പറിൽ സത്യപ്രസ്താവന നൽകേണ്ടതാണ്.
16. സ്കൂൾ ഏർപ്പെടുത്തുന്ന സൗകര്യങ്ങൾക്കനുസൃതമായി ട്യൂഷൻ ഫീസ്, അനുവദനീയമായ മറ്റ് ഫീസുകൾ എന്നിവ ചുമത്താവുന്നതാണ്. അവ ചുമത്തുന്നതിന് മുമ്പായി ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് കത്ത് നൽകേണ്ടതും അവ സ്കൂൾ വെബ്സൈറ്റിൽ നൽകേണ്ടതുമാണ്.
17. സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതയും കഴിവുമുള്ള അദ്ധ്യാപകരെയായിരിക്കണം നിയമിക്കേണ്ടത്.
18. സർക്കാർ സ്കൂളിലെ അദ്ധ്യാപകർക്ക് നൽകി കൊണ്ടിരിക്കുന്ന അതേ വേതനം ഈ സ്കൂളിലെ അദ്ധ്യാപകർക്കും നൽകേണ്ടതാണ്. ആയത് സംബന്ധിച്ച് 100/- രൂപ മുദ്രപേപ്പറിൽ മാനേജർ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്.
19. ട്രസ്റ്റ്/സൊസൈറ്റി/എഡ്യൂക്കേഷണൽ ഏജൻസി എന്നിവ നടത്തുന്ന സ്കൂളുകൾ 1/6/2012ന് 5 വർഷം പൂർത്തിയാക്കിയിരിക്കണം. ആയത് സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറി/മുനിസിപ്പൽ സെക്രട്ടറി/കോർപ്പറേഷൻ സെക്രട്ടറി എന്നിവരിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
20. മതം, ജാതി, വർഗ്ഗം ജന്മസ്ഥലം എന്നിവ നോക്കാതെ എല്ലാ വിഭാഗക്കാർക്കും സ്കൂളിൽ പ്രവേശനം നൽകേണ്ടതാണ്. കൂടാതെ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശിക്കുന്നവർക്ക് 25% സീറ്റ് സംവരണം ചെയ്യേണ്ടതാണ്. ആയത് സംബന്ധിച്ച് മാനേജർ സത്യപ്രസ്താവന നൽകേണ്ടതാണ്.
21. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതുമായി സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ബാധകമായിരിക്കുന്നതാണ്.
22. ഒരു ക്ലാസ്സിൽ ചുരുങ്ങിയത് 30 കുട്ടികൾ ഉണ്ടായിരിക്കണം. 30 കുട്ടികൾ ഇല്ല എങ്കിൽ താഴെ പറയുന്ന വിധത്തിൽ കുട്ടികൾ ഉണ്ടാവേണ്ടതാണ്.

| | |
|---|---|
| എൽ.പി.വിഭാഗം ( 1-4) | -150 കുട്ടികൾ |
| എൽ.പി, യു.പി വിഭാഗം (1-7) | -250 കുട്ടികൾ |
| യു.പി. വിഭാഗം(5-7) | -100 കുട്ടികൾ |
| ഹൈസ്ക്കൂൾ (1-10) | -350 കുട്ടികൾ |
| ഹൈസ്ക്കൂൾ വിഭാഗം (8-10) | -100 കുട്ടികൾ |

23. സ്കൂളുകൾ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരമുള്ള വിസ്തീർണ്ണം, ലൊക്കേഷൻ, മറ്റ് സൗകര്യങ്ങൾ എന്നിവ പാലിച്ചിരിക്കണം. എന്നാൽ 1/6/2012ന് ചുരുങ്ങിയത് 10 വർഷത്തെ പ്രവർത്തനം പൂർത്തിയാക്കിയിട്ടുള്ള സ്കൂളുകൾ വിസ്തീർണ്ണം, ദൂരപരിധി എന്നിവ കണക്കാക്കേണ്ടതില്ല.
24. വ്യക്തിഗത മാനേജ്മെന്റുകൾ നടത്തുന്ന സ്കൂളുകൾ 1/6/2012ന് 10 വർഷം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ 1ഉം 2ഉം നിബന്ധനകൾ പാലിക്കേണ്ടതില്ല.

25. എൽ.പി, യു.പി.വിഭാഗങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിന് അതാത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് 31/7/2013 തീയതിക്കകം അപേക്ഷ സമർപ്പിക്കേണ്ടതും, എൽ.പി., യു.പി, ഹൈസ്ക്കൂൾ എന്നിവയ്ക്കും യു.പി., ഹൈസ്ക്കൂൾ എന്നിവയ്ക്കും അംഗീകാരത്തിന് വേണ്ടിയുളള അപേക്ഷകൾ 31/7/2013-ാം തീയതിക്കകം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും സമർപ്പിക്കേണ്ടതാണ്. പരിശോധന പൂർത്തിയാക്കിയ അപേക്ഷകളും അനുബന്ധരേഖകളും 30/9/2013-ാം തീയതിക്ക് മുമ്പായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ നേരിട്ടോ അല്ലെങ്കിൽ തപാൽ മുഖേനെയോ നൽകേണ്ടതാണ്. 31/10/2013ന് മുമ്പായി എല്ലാ അപേക്ഷകളും വിദ്യാഭ്യാസ ഉപഡയറക്ടർമാർ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നേരിട്ടോ അല്ലെങ്കിൽ തപാൽ മാർഗ്ഗമോ എത്തിക്കേണ്ടതാണ്. 30/11/2013നകം പ്രസ്തുത അപേക്ഷകൾ സർക്കാരിലേക്ക് സമർപ്പിക്കുന്നതും 31/12/2013നകം സർക്കാരിൽ നിന്നും ആയത് സംബന്ധിച്ച് അവസാന തീരുമാനം എടുക്കുന്നതാണ്.

നിശ്ചിത അപേക്ഷകൾ ഫോറം നമ്പർ III ൽ നൽകേണ്ടതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4) കരുതൽ ഫയൽ.